പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1143 11.06.2019 ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ചിറയം ഗോപകുമാർ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി സി.കെ. ആശ**<br>**ശ്രീ.കെ. രാജൻ** | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) മുൻ സർക്കാർ ഉപേക്ഷിച്ച ദേശീയപാത വികസനം, സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള കടമ്പകൾ ഈ സർക്കാർ മുൻകയ്യെടുത്ത് തരണം ചെയ്തിട്ടും മുന്നറിയിപ്പ് കൂടാതെ കേന്ദ്രസർക്കാർ അട്ടിമറിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ; | എ) ചില സാങ്കേതിക കാരണങ്ങളാൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ തരം താഴ്ത്തപ്പെട്ട സാഹചര്യം നിലവിലുണ്ട് |
| ബി) തൊണ്ടയാട്, രാമനാട്ടുകര, വൈറ്റില, കണ്ടന്നൂർ മേൽപ്പാലങ്ങളുടെ പൂർത്തീകരണം സംസ്ഥാന സർക്കാരിന് ഏറ്റെടുത്ത് ചെയ്യേണ്ടിവന്ന സാഹചര്യം വിശദീകരിക്കുമോ; | ബി) ദേശീയപാത 66 ൽ വരുന്ന ജംഗ്ഷനുകളായ തൊണ്ടയാട്, രാമനാട്ടുകര, വൈറ്റില, കണ്ടന്നൂർ തുടങ്ങിയവയുടെ വികസനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം ദേശീയപാത 4/6 വരിയാക്കി വികസിപ്പിക്കലിന്റെ കൂടെ നടപ്പിലാക്കാനാണ് കേന്ദ്ര റോഡ് ഗതാഗത–ഹൈവേ മന്ത്രാലയം തീരുമാനിച്ചിരുന്നത്. എന്നാൽ വികസനത്തിന് ആവശ്യമായ 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി അനന്തമായി വൈകുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ ഈ ജംഗ്ഷനുകളിലെ ഭീമമായ ഗതാഗതക്കുരുക്കുകൾക്ക് അടിയന്തിര പരിഹാരം എന്ന നിലയ്ക്ക് ഫ്ലൈഓവർ നിർമ്മിക്കുവാൻ മുൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. |

സി) ദേശീയപാതാ വികസനത്തിന്റെ മുൻഗണനാ പട്ടികയിൽ നിന്ന് കേരളം ഉൾപ്പെടെ ബി.ജെ.പി ഇതര സർക്കാരുകളുള്ള സംസ്ഥാനങ്ങളെ ഒഴിവാക്കിയത് രാഷ്ട്രീയമായ വിരോധം മൂലമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

ഡി) കേരളത്തിൽ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി 3എ വിജ്ഞാപനം ഇറക്കിയിട്ടുപോലും ടെൻഡർ നടപടി ആരംഭിക്കുന്നതിന് എൻ.എച്ച്.എ.ഐ. മുമ്പ് നല്കിയ അനുമതി റദ്ദാക്കിയത്, ഈ സർക്കാരിന്റെ കാലത്ത് ദേശീയപാതാ വികസനം നടക്കരുത് എന്ന ചിന്തയുള്ളതുകൊണ്ടാണ് എന്ന് കരുതുന്നുണ്ടോ?

സി) & ഡി) ദേശീയപാത അതോറിറ്റി 02.05.2019, 09.05.2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്, പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ളതാണ് നിലവിലെ സ്ഥലമെടുപ്പ് പുരോഗതിയും, ഗതാഗത സാന്ദ്രതയും, ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് മുൻഗണന ക്രമത്തിൽ ദേശീയപാത വികസനം സാധ്യമാക്കി വരുന്നത്

സെക്ഷൻ ഓഫീസർ